# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### മംഗളവാർത്തക്കാലം : നാലാം ഞായർ
**മത്താ 1,18 – 24**

"നിയമത്തെ മുൻനിർത്തിയുള്ള ആത്മപരിശോധനയിൽ
നിയമത്തെ തള്ളുകയും
ദൈവപക്ഷത്ത് നിലയുറപ്പിക്കുകയും ചെയ്ത
വലിയ വിശുദ്ധന്റെ പേരാണ് വി.യൗസേഫ്!
കാരണം, അവൻ നീതിമാനായിരുന്നു..."

ആരാണ് നീതിമാൻ?
വാക്കും
പ്രവർത്തിയും തമ്മിൽ
ബന്ധം കാത്തുസൂക്ഷി
ക്കുന്നവൻ!

ഭക്തികൊണ്ട് നീതിയെ വിഴുങ്ങുന്ന കാലഘട്ടത്ത് ജീവിതം കൊണ്ട് നീതിക്ക് വിലയിട്ടവനാണ് നീതിമാനായ വി.യൗസേഫ്. യൗസേപ്പിതാവിന്റെ നീതിനിഷ്ഠ പഴയനിയമത്തിലെ നീതിബോധത്തെ അതിലംഘിക്കുന്നവയായിരുന്നു. നിയമം അക്ഷരാർത്ഥത്തിൽ അനുസരിക്കുന്നവരുടെ പഴയനിയമ തലമുറയിൽ നിന്ന് നിയമത്തിന്റെ ആന്തരീകചൈതന്യത്തിൽ നിലയുറപ്പിച്ച ഒരു പുതിയ നിയമ ആദ്ധ്യാത്മികതയ്ക്കുള്ള തുടക്കമായിരുന്നു അത്. പക്ഷെ, വചനത്തിലൂടെ യാത്ര ചെയ്യുമ്പോൾ ഈ പുതിയ നിയമ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം പഴയനിയമ വചനത്തിൽ എഴുതിചേർത്തിട്ടുള്ള ബോദ്ധ്യങ്ങൾ തന്നെയാണെന്ന് വ്യക്തമാകും. നീതിബോധത്തെ കുറിച്ച് സങ്കീർത്തകൻ "നീതിയുടെ മാനദണ്ഡം" എന്ന പേരിൽ 15-ാം അദ്ധ്യായത്തിൽ കുറിച്ച് വയ്ക്കുന്നത് ഇപ്രകാരമാണ്;

"കർത്താവേ, അങ്ങയുടെ കൂടാരത്തിൽആരു വസിക്കും? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വാസമുറപ്പിക്കും? നിഷ്കളങ്കനായി ജീവിക്കുകയും നീതിമാത്രം പ്രവർത്തിക്കുകയും ഹൃദയം തുറന്നു സത്യം പറയുകയും ചെയ്യുന്നവൻ; പരദൂഷണം പറയുകയോ സ്നേഹിതനെ ദ്രോഹിക്കുകയോ അയൽക്കാരനെതിരേ അപവാദം പരത്തുകയോ ചെയ്യാത്തവൻ; ദുഷ്ടനെ പരിഹാസ്യനായി കരുതുകയും ദൈവഭക്തനോട് ആദരം കാണിക്കുകയും നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുകയും ചെയ്യുന്നവൻ; കടത്തിനു പലിശ ഈടാക്കുകയോ നിർദോഷനെതിരേ കൈക്കൂലി വാങ്ങുകയോ ചെയ്യാത്തവൻ; ഇങ്ങനെയുള്ളവൻ നീതിമാനായിരിക്കും" (സങ്കീ 15).

ഇനി വി.യൗസേപ്പിതാവിന്റെ ജീവിതത്തിലേയ്ക്ക് നോക്കുക. വി.യൗസേപ്പിതാവ് ജീവിച്ച് കാണിക്കുന്നതും ഇതേ നീതിബോധം തന്നെയാണ്. കർത്താവിന്റെ വിശുദ്ധ ഗിരിയിൽ നിഷ്കളങ്കനായി നിലയുറപ്പിച്ച് നീതി മാത്രം പ്രവർത്തിച്ച്, ഹൃദയം തുറന്ന് സത്യത്തെ സ്നേഹിച്ച്, പരദൂഷണത്തിൽ നിന്നകന്ന്, താൻ മൂലം ഒരു തുള്ളി കണ്ണുനീര് പോലും ഈ ഭൂമിയിൽ വീഴരുത് എന്നുള്ള ബോദ്ധ്യത്തോടെ ജീവിച്ചവൻ. ഇവനെ നീതിമാൻ എന്നല്ലാതെ എന്താണ് വിളിക്കുക! ലോകം സ്വാർത്ഥതയിലേയ്ക്ക് കൂപ്പുകുത്തുമ്പോൾ വി.യൗസേപ്പ് നമുക്ക് നൽകുന്ന വലിയ സന്ദേശം, "നാം വേദനിക്കേണ്ടി വന്നാലും, അപരനെ വേദനിപ്പിക്കരുത് എന്നുള്ളതാണ്!"

ഇന്ന് സമൂഹത്ത് 'ഭക്തിരസത്തിൽ' ജീവിക്കുന്ന ഒരുപാട് പേരുണ്ട്. എന്നാൽ, എന്റെ ജീവിതത്തെ കരുപിടിപ്പിക്കുന്നത്, കർത്താവ് ഒരു വ്യക്തിയുടെ ജീവിതത്തെ അളന്ന് നോക്കുന്ന് 'നീതിയെ' മുൻനിർത്തിയാണ്

എന്നുള്ള ബോദ്ധ്യത്തോടുകൂടി ജീവിക്കുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. ജീവിതവിചാരം ചെയ്തുപോയ പാപങ്ങളുടെ വെളിച്ചത്തിൽ സ്വർഗ്ഗം നഷ്ടപ്പെടും എന്നുള്ളതാണ്. പക്ഷെ, ചെയ്യാതെ പോകുന്ന നന്മകളുടെ വെളിച്ചത്തിലാണ് സ്വർഗ്ഗം നഷ്ടപ്പെടുന്നത് എന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല!

"മറിയവും ജോസഫും തമ്മിലുള്ള വിവാഹ നിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശു ദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു.. ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്, കർത്താവിൻെറ ദൂതൻ കൽപിച്ചതു പോലെപ്രവർത്തിച്ചു; അവൻ തൻെറ ഭാര്യയെ സ്വീകരിച്ചു" (മത്താ 1,18ff).

ജോസഫിന്റെ ഗുണവിശേഷണങ്ങൾ ശ്രദ്ധിക്കുക;

1. അവൻ നീതിമാനാണ്
2. മറ്റുള്ളവരെ അപമാനിക്കാൻ ഇഷ്ടപ്പെടാത്തവനാണ്
3. ദൈവം പറയുന്നതനുസരിച്ച് പ്രവർത്തിക്കുന്നവനാണ്.

ഒരു മനുഷ്യനെ വാനോളമുയർത്താൻ ദൈവം ആഗ്രഹിക്കുന്നത് ഇതൊക്കെ തന്നെയാണ്. ഇന്ന്, ദൈവം നമ്മളെ കുത്തിയിടത്ത് നിന്ന് മുളപ്പിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം ജോസഫിന്റെ ഗുണവിശേഷണങ്ങൾ നമ്മളിൽ നിന്ന് അന്യം നിൽക്കുന്നു എന്നുള്ളതുകൊണ്ടാണ്. ജോസഫിനെ ദൈവം വാനോളമുയർത്താൻ കാരണമാകുന്ന മൂന്ന് സവിശേഷ ഗുണങ്ങൾ മൂന്നാമതൊരു വ്യക്തി ജോസഫിന് സമ്മാനിക്കുന്നതല്ല. മറിച്ച്, ജോസഫ് തന്റെ ജീവിതംകൊണ്ട് ആർജ്ജിച്ചെടുക്കുന്നതാണ്. വചനം വായിക്കുന്നതിൽ നിന്ന് മനനത്തിലേയ്ക്കുള്ള ദൂരമാണ് ജോസഫിന്റെ നീതിബോധം. കാരണം, "കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും??? നിഷ്കളങ്കനായി ജീവിക്കുകയും നീതിമാത്രം പ്രവർത്തിക്കുകയും ഹൃദയം തുറന്നു സത്യം പറയുകയും ചെയ്യുന്നവൻ.... ഇങ്ങനെയുള്ളവൻ നീതിമാനായിരിക്കും" (സങ്കീ 15).

ജോസഫിന്റെ ജീവിതം വിജയമായിരുന്നു. കാരണം, ജീവിതപ്രതിസന്ധിയിൽ അവൻ കൂടിയാലോചന നടത്തിയത് ദൈവത്തോടാണ്!

അത്തിമര ചുവട്ടിലിരിക്കുന്ന നഥാനായേലിനെ "നിഷ്കളങ്കനായ ഇസ്രായേൽക്കാരൻ" എന്ന് കർത്താവ് വിളിക്കുന്നുണ്ടെങ്കിൽ, നിസ്വാർത്ഥതയുടെ പര്യായമായി വചനം പങ്കുവയ്ക്കുന്ന വ്യക്തിത്വമാണ് വി.യൗസേപ്പിതാവ്. തന്റെ സ്വാർത്ഥതയെ തച്ചുടച്ച് ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കുന്ന വിശുദ്ധൻ. "ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു" (മത്താ 1,19). സ്വാർത്ഥതയുടെ പുകഞ്ഞ കൊളളിയെ അണയിച്ച്, താൻ മൂലം ഒരിറ്റ് കണ്ണുനീരുപോലും ഈ ഭൂമിയിൽ വീഴരുതെന്ന് ആഗ്രഹിക്കുന്ന ജോസഫ് അനുകരണീയമായ മാതൃക അന്യം നിന്ന് പോകുന്നു.

23 വയസ്സ് മാത്രം പ്രായമുള്ള വിവാഹിതയായ ഒരു യുവതി ഗൈനക്കോളജിസ്റ്റിന്റെ അടുക്കൽ വന്നു. അവളുടെ കയ്യിൽ ഒരു ആൺകുഞ്ഞുമുണ്ട്. വളരെ പ്രയാസപ്പെട്ടുകൊണ്ട് അവൾ ഡോക്ടറോട് പറഞ്ഞു;

"ദയവുചെയ്ത് എന്നെ സഹായിക്കണം ഡോക്ടർ. എന്റെ മോന് ഒരു വയസ്സ് തികഞ്ഞിട്ടില്ല. ഞാൻ വീണ്ടും ഗർഭിണിയായിരിക്കുന്നു. എന്റെ ഓഫിസ് ജോലിയോടൊപ്പം രണ്ട് ചെറിയ മക്കളെ കൂടി ഒന്നിച്ച് പരിപാലിക്കാൻ എനിക്ക് കഴിയില്ല."

ഡോക്ടർ: "ഞാൻ എങ്ങിനെ സഹായിക്കണം എന്നാണ് പറയുന്നത്?"

യുവതി: "ഡോക്ടർ ഒന്ന് മനസ്സുവെച്ചാൽ ഒരു അബോർഷൻ നടത്തി എന്റെ ഗർഭസ്ഥശിശുവിനെ...."

വാക്കുകൾ പൂർത്തിയാക്കുന്നതിനുമുമ്പ് ഡോക്ടർ ഇടപെട്ടു. "ഹോ... അബോർഷൻ അല്ലെ?" യുവതി തലയാട്ടി. ഡോകടർ അൽപ സമയം തലതാഴ്ത്തി മൗനമവലംബിച്ചു.

"ശരി ഒരു അബോർഷൻ നടത്തുകയാണെങ്കിൽ നിന്റെ ജീവൻ അപകടത്തിലാകും. അതുമാത്രമല്ല ഭാവിയിൽ അത് വലിയ ആരോഗ്യ പ്രശനങ്ങൾ ഉണ്ടാക്കും. പക്ഷെ എന്റെ പക്കൽ നല്ലൊരു പരിഹാരമുണ്ട്. അത് നിന്റെ ജീവനോ ആരോഗ്യത്തിന്നോ ഒരു ഭീഷണിയും ഉണ്ടാക്കില്ല."

ആകാംഷയോടെ യുവതി ചോദിച്ചു; "എന്താണത്?"

ഡോകടർ: "ഒരേ സമയത്ത് രണ്ട് കുട്ടികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പ്രയാസമാണെങ്കിൽ ഏറ്റവും നല്ല പരിഹാരം. ആദ്യത്തെ കുട്ടിയെ കൊന്നുകളയുക. അതാവുമ്പോൾ ഒരു അബോർഷന്റെ വേദനയോ ഭാവിയിലെ ആരോഗ്യ പ്രശ്നങ്ങളോ ഭയപ്പെടേതില്ല. ഫലത്തിൽ ഒരു കുട്ടി മാത്രമേ അവശേഷിക്കൂ..."

ഡോക്ടറുടെ പരിഹാരം കേട്ട മാത്രയിൽ യുവതി കസേരയിൽ നിന്ന് ചാടി എഴുന്നേറ്റ് ഡോക്ടറോട് ദേഷ്യത്തോടെ ചോദിച്ചു: "എന്റെ ഈ മകനെയാണോ താങ്കളുദ്ദേശിക്കുന്നത്? സൂക്ഷിച്ച് സംസാരിക്കണം..." മകന്റെ നെറുകയിൽ ഉമ്മവെച്ച് യുവതി തുടർന്നു: "ഇല്ല! ഒരിക്കലുമില്ല. എന്റെ ഈ പൊന്നുമോനെയാണോ നിങ്ങൾ കൊല്ലാൻ പറയുന്നത്?" വിതുമ്പുന്ന ചുണ്ടുകളോടെ മകനെയും എടുത്ത് പോകാനൊരുങ്ങിയ യുവതിയെ ഡോക്ടർ പിടിച്ചിരുത്തി. എന്നിട്ട് ശാന്തയായി പറഞ്ഞു:

"ഏറ്റവും ഉചിതമെന്ന് കരുതിയാണ് ഈ പരിഹാരം ഞാൻ നിർദേശിച്ചത്. കാരണം, ലോകത്തെ വെളിച്ചം കാണാത്ത നിന്റെ ഗർഭസ്ഥശിശുവാണെങ്കിലും നീ മുലയൂട്ടുന്ന കുഞ്ഞാണെങ്കിലും കൊല്ലപ്പെടുന്നത് നിന്റെ കുഞ്ഞാണ്. ഒരുപക്ഷെ ഗർഭപാത്രത്തിലെ കുഞ്ഞ് ഒരു മിണ്ടാപ്രാണിയെന്ന നിലയിൽ അതിനെ കൊല്ലുന്നതായിരിക്കും കൂടുതൽ കുറ്റകരം."

യുവതി ഏറെ നേരം തല താഴ്ത്തിയിരുന്നു. ശേഷം വിതുമ്പി വിതുമ്പി കണ്ണുകളുയർത്തി പറഞ്ഞു: "ദൈവമേ സ്വാർത്ഥയായ എന്നോട് പൊറുക്കുക..." ഡോക്ടറുടെ റൂമിൽ നിന്നിറങ്ങി യുവതി നേരെ കൗണ്ടറിലേക്ക് നടന്നു. എല്ലാ മാസവും ഡോക്ടറെ കാണാനുള്ള അപ്പോയിമെൻറ് വാങ്ങി വീട്ടിലേക്ക് യാത്രയായി.

സ്വാർത്ഥതയെ നിഹനിച്ച ജോസഫ് ചെയ്തത് ക്രിസ്തുവിന് ജനിക്കാൻ ഇടമൊരുക്കുകയായിരുന്നു. അതുകൊണ്ട് തന്നെ, ജോസഫ് എന്ന പേരിന് ചരിത്രം കല്പിച്ച് നൽകിയ അർത്ഥം "നീതിമാൻ...!"

**ജോസഫിന്റെ മനസ്സിന്റെ വലുപ്പം മനസ്സിലാകുന്നത്, അവൻ ആരെയും വേദനിപ്പിക്കാൻ ആഗ്രഹിച്ചിരുന്നില്ല എന്നതിലൂടെയാണ്!**

**"താൻ ദൈവഭക്തനാണെന്ന് ഒരുവൻ വിചാരിക്കുകയും തൻെറ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്താൽ അവൻെറ ഭക്തി വ്യർഥമത്രേ!"**

യാക്കോബ് 1,26

ഫാ. ജോബി മേനോത്ത്
+91 944 7777 931